**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **09-12-2022 - ൽ മറുപടിയ്ക്ക്**

**പാണാവള്ളി കൃഷിഭവൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി കെട്ടിടം പൊളിക്കുന്നതിന് അനുമതി വാങ്ങുന്നതുമായി ബന്ധപ്പെട്ട് കൃഷി ഡയറക്ടറേറ്റിലേക്ക് നൽകിയ ഫയൽ നിരസിക്കാനുള്ള കാരണം വിശദമാക്കാമോ; | (എ) | 07/08/2017- ലെ സർക്കാർ ഉത്തരവ് (അച്ചടി) 102/2017/ഫിൻ അനുസരിച്ച് കെട്ടിടം പൊളിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ സർവ്വേ റിപ്പോർട്ട് ആവശ്യമാണ്. പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിനായി പഴയ കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഹാജരാക്കിയ രേഖകളിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള സർവ്വേ റിപ്പോർട്ട് ഹാജരാക്കാതിരുന്നതു കൊണ്ടാണ് അപേക്ഷ നിരസിക്കേണ്ടി വന്നത്. |
| (ബി) | പാണാവള്ളി കൃഷിഭവന്റെ നിലവിലെ കെട്ടിടം ഏത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചതെന്ന് വിശദമാക്കാമോ; | (ബി) | പാണാവള്ളി കൃഷിഭവന്റെ നിലവിലെ കെട്ടിടം കൃഷിവകുപ്പ് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. |
| (സി) | പാണാവള്ളി കൃഷിഭവന്റെ സ്ഥലം ആരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് വിശദമാക്കാമോ; | (സി) | പാണാവള്ളി കൃഷിഭവന്റെ സ്ഥലം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് പ്രകാരം പുറമ്പോക്ക് ഭൂമിയാണ് . |
| (ഡി) | പഞ്ചായത്തിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കൃഷി ഓഫീസ് കെട്ടിടത്തിന് കാലപ്പഴക്കം വന്നാൽ അത് പൊളിക്കുന്നതിന് ആരെയാണ് സമീപിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ഡി) | പഞ്ചായത്തിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കൃഷിഓഫീസ് കെട്ടിടത്തിന് കാലപ്പഴക്കം വന്നാൽ അത് പൊളിക്കുന്നതിന് പഞ്ചായത്തിനെയാണ് സമീപിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ